**കാലിക്കറ് സർവകലാശാല**
**ഫിനാൻസ് ഓഫീസ്**
**ആഭ്യന്തര ഓഡിറ്റ് വിഭാഗം**

31073/FIN-INT.AUDIT-1/2018/Fin 06.10.2018

**സർവകലാശാലാ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെ ഹോസ്റ്റലിൽ, ബഹു; പി വി സി യുടെ ഓഫീസിൽ നിന്നുള്ള No.PVC/36/2018 -dated 13.06.2018 കത്തിൽ നിർദേശിച്ചപ്രകാരം ആഭ്യന്തര ഓഡിറ്റ് വിഭാഗം സന്ദർശിച്ച് ABLC അക്കൗണ്ടുമായി ബന്ധപ്പെട്ട് ഓഫീസിൽ സൂക്ഷിക്കുന്ന രേഖകൾ പരിശോധിച്ചു.**

**ഓഡിറ്റർമാർ :- 1) മനോജ് കുമാർ. ടി. 2) സത്യനേശൻ .സി.**

## റിപ്പോർട്ട്

കാലിക്കറ്റ് സർവകലാശാല ക്യാമ്പസ്സിലെ പുരുഷന്മാരുടെ ഹോസ്റ്റലിൽ ഭക്ഷണശാല നടത്തിപ്പുമായി ബന്ധപ്പെട്ട് 2015 ഡിസംബർ 29 മുതൽ 2018 മാർച്ച് മാസം വരെയുള്ള ABLC അക്കൗണ്ട് പരിശോധിച്ചു.

SBI A/c No. 57018316424 ( ABLC ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ) കറന്റ് അക്കൗണ്ടിൽ 29 .06 .2018 തിയ്യതിയായി 1,91,530.00 രൂപയും, Calicut University Staff Co operative Credit Society A/c No. 1000 (മെസ്സ് അക്കൗണ്ട് ) പ്രകാരം, 5,10,458.00 രൂപയും, നീക്കിയിരിപ്പുള്ളതായി കാണുന്നു. സ്ഥാപനത്തിൽ തുടർന്നുവരുന്ന 4 ബാങ്ക് അക്കൗണ്ടുകളിലും കൂടി ആകെ 8, 97,928 രൂപയാണ് നീക്കിയിരിപ്പുള്ളത്.

2015 ഡിസംബർ മുതൽ 2017 മെയ് മാസം വരെ ഭക്ഷണശാല നടത്തിയ രണ്ടു കോൺട്രാക്ടർമാർ ABLC കുടിശ്ശികയായി ആവശ്യപ്പെട്ട തുക ഓഫീസിൽ പരിശോധനകൾക്കുശേഷം തിട്ടപ്പെടുത്തിയിട്ടുള്ള 17,51,461/-.രൂപയിൽ 12,25,319/- രൂപ ചെക്കായി നൽകിയിട്ടുള്ളതായും 5,26,142/- രൂപ ടി കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ളതായും ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. 2017 നവംബർ മുതൽ ഭക്ഷണശാല ഏറ്റെടുത്തു നടത്തിവരുന്ന വിദ്യാർഥികൾ 2018 മാർച്ച് വരെയുള്ള കുടിശ്ശികയായി ആവശ്യപ്പെട്ട 4,79,645/- രൂപയിൽ 4,44,490/- രൂപ ചെക്കായി നൽകിയിട്ടുണ്ട്.

**അപാകതകളില്ല.**

**നിർദേശങ്ങൾ :-**

1. പുരുഷന്മാരുടെ ഹോസ്റ്റലിൽ മെസ് സെക്രട്ടറി ABLC ആനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികളുടെ ഹാജർ നില / ഭക്ഷണശാലയിൽ സേവനം ഉപയോഗിച്ച അകെ ദിവസങ്ങൾ എന്നിവ പരിശോധിച്ച നൽകുന്ന സംഗ്രഹം ഭക്ഷണശാലയിൽ സൂക്ഷിക്കുന്ന രെജിസ്റ്ററുകളും ഓഫീസിൽ സൂക്ഷിക്കുന്ന രെജിസ്റ്ററുകളുമായി ഒത്തുനോക്കി ഭക്ഷണത്തിനുള്ള ആനുകൂല്യം, വൈദ്യുതി വെള്ളം എന്നിവയുടെ ചാർജ്, ഹോസ്റ്റൽ മുറിവാടക ആനുകാലികങ്ങൾക്കും മറ്റുമുള്ള ആനുകൂല്യം എന്നിവ വെവ്വേറെ കണക്കാക്കി ഹോസ്റ്റൽ വാർഡന്റെ മേലൊപ്പുവാങ്ങി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് അയച്ചു കൊടുക്കണം.
2. വകുപ്പധ്യക്ഷന്മാർ ഇ. ഗ്രാന്റ്സ് software വഴി ABLC ആനുകൂല്യം ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ വാർഡൻ ചെക്കായി നൽകുന്നു. ഇങ്ങനെ ലഭിക്കുന്ന ചെക്കുകൾ ഹോസ്റ്റലിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും, അതിൽനിന്നും ഭക്ഷണശാലാ നടത്തിപ്പുകാർക്ക് നൽകാനുള്ള തുക കണക്കാക്കി മേലധികാരികളുടെ അംഗീകാരത്തോടെ ചെക്കായി നൽകുകയും ; മറ്റു ആനുകൂല്യങ്ങൾ സർവകലാശാല ഫണ്ടിലേക്ക് അടവാക്കുകയോ, ബന്ധപ്പെട്ട സേവനദാദാക്കൾക്ക് ചെക്കായി നൽകുകയോ ചെയ്യേണ്ടതുമാണ്.

Place : CU. campus

Date: approver

Finance Officer